കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല - മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് - 2003-04 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.5 - സർക്കാർ സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.454/13/തസ്വഭവ. തിരുവനന്തപുരം, തീയതി; 19.02.2013

പരാമർശം: 1. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 28.04.12-ലെ യോഗത്തിലെ V (9) - നമ്പർ തീരുമാനം.

2. ആലപ്പുഴ ജില്ല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 26.6.12-ലെ 1(2)-ാം നമ്പർ തീരുമാനം.

3. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 18.8.12-ലെ ഇ 6-10987/12 നമ്പർ കത്ത്.

4. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 7.01.2013-ലെ LF.22583/PT1/2012 നമ്പർ കത്ത്.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2003-04 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3 (5) - ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായി പി.ഡി.എസ് സംവിധാനത്തിൽ രജിസ്റ്റർ ചെയ്യലും നല്ല രീതിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതുമായ പുരുഷ അയൽക്കൂട്ടങ്ങൾക്ക് സൂക്ഷ്മ തൊഴിൽ ആരംഭിക്കുന്നതിന് ധനസഹായം നൽകിയത് 30.3.2004-ലെ സ.ഉ (എം.എസ്) 40/04 പ്ലാനിംഗ് ഉത്തരവിന്റെ ഖണ്ഡിക 7.4.3(1)22-ന് വിരുദ്ധമായതിനാൽ ടി ചെലവിന് സർക്കാർ സാധൂകരണം നൽകണമെന്ന മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പരാമർശം 1-ലെ യോഗതീരുമാനത്തിന്റെയും ആലപ്പുഴ ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ പരാമർശം 2-ലെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പരാമർശം 3-ലെ കത്തു പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ അപേക്ഷിക്കുകയുണ്ടായി.

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് തൊഴിൽ സംരംഭങ്ങൾ നടത്തുന്നതിനാൽ സർക്കാർ സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 4-ലെ കത്തു പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പരാമർശം 1-ലെ യോഗതീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ പരാമർശം 2-ലെ തീരുമാനം എന്നിവ പരിഗണിച്ചും , ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2003-04 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ 3 (5) ഖണ്ഡികയിലെ പി.ഡി.എസ് സംവിധാനത്തിൽ പ്രവർത്തിക്കുന്ന പുരുഷ സ്വയംസഹായ സംഘങ്ങൾക്ക്

പദ്ധതിവിഹിതത്തിൽ നിന്നും ധനസഹായം അനുവദിച്ച് നൽകിയത് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

സെക്രട്ടറി, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം. തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് , വികാസ് ഭവൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
വെബ് & ന്യൂ മീഡിയ സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.